**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *589** **28.10.2016 ൽ മറുപടിയ്ക്ക്**

**ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ബാബു**<br>**ശ്രീ.രാജു എബ്രഹാം**<br>**ശ്രീ.യു.ആർ.പ്രദീപ്**<br>**ശ്രീ.പുരുഷൻ കടലുണ്ടി** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| എ) | ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ ഭാഗമായി രൂപീകരിച്ച സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | എ) | ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്നതിനായി 2005 നവംബർ മാസം രൂപീകൃതമായ സ്ഥാപനമാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള. 2009 ജൂലൈ മാസം മുതൽ ദേശീയ ഔഷധ സസ്യ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയും 2011-12 മുതൽ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളും 2012-13 മുതൽ ഹൈടെക് ഫാമിംഗ് പദ്ധതിയും 2014-15 മുതൽ ഓൺഫാം വാട്ടർ മാനേജ്മെന്റ് എന്ന കേന്ദ്രാ വിഷ്കൃത പദ്ധതിയും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 2014-15 മുതൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) എന്നും 2016-17 മുതൽ ഓൺഫാം വാട്ടർ മാനേജ്മെന്റ് പദ്ധതി പെർ ഡ്രോപ്പ് മോർ ക്രോപ്പ് എന്ന പ്രധാൻ മന്ത്രി കൃഷി സിഞ്ചായ് യോജനയുടെ ഘടകമായും പുനഃനാമകരണം ചെയ്തിരിക്കുന്നു. |
| ബി) | ഏതെല്ലാം വിളകളുടെ സമഗ്ര വികസനത്തിനാണ് പ്രസ്തുത മിഷൻ പ്രാധാന്യം നൽകുന്നതെന്ന് വ്യക്തമാക്കാമോ; | ബി) | മാവ്, വാഴ, കൈതച്ചക്ക എന്നീ ഫലവർഗ്ഗവിളകളും കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, കറുവപ്പട്ട, ഗ്രാമ്പൂ എന്നീ സുഗന്ധവ്യഞ്ജന വിളകളും കശുമാവ്, കൊക്കോ എന്നീ തോട്ടവിളകളും പുഷ്പകൃഷി എന്നിവയുടെയും സമഗ്ര വികസനത്തിനാണ് പ്രസ്തുത മിഷൻ പ്രാധാന്യം നൽകുന്നത്. കൂടാതെ കൂൺ കൃഷിയും തേനീച്ച വളർത്തലും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതിയ്ക്കുള്ള കേന്ദ്രവിഹിതം എത്രയെന്ന് വ്യക്തമാക്കാമോ? | സി) | 2016-17 സാമ്പത്തിക വർഷത്തിൽ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നതിനായി 77.37 കോടി രൂപയുടെ വാർഷിക കർമ്മ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട് ഇതിന്റെ 60% ആയ 46.422 കോടി രൂപയാണ് കേന്ദ്ര വിഹിതം. |

S. K...

**സെക്ഷൻ ഓഫീസർ**